LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടം

187(894) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* (എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ വ്യവസായവകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എത്ര കോടി രൂപയായിരുന്നു ;

(ബി) ആയത് ഇപ്പോൾ എത്ര കോടി രൂപ ലാഭകരമാക്കി മാറ്റാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ :

(സി) സംസ്ഥാനത്തെ വ്യവസായവകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കാൻ ഈ സർക്കാരിന് സാധിച്ചുവോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നഷ്ടം 69.49 കോടി രൂപയായിരുന്നു.

(ബി) 2009-10 സാമ്പത്തിക വർഷത്തിലെ പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം ലാഭം 239.75 കോടി രൂപയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിൽ 31 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. എന്നാൽ 2009-10 സാമ്പത്തിക വർഷം 5 സ്ഥാപനങ്ങൾ മാത്രമായി കുറഞ്ഞിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.* ഈ സാമ്പത്തികവർഷം എല്ലാ സ്ഥാപനങ്ങളും ലാഭകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വ്യവസായ വകുപ്പിന് കീഴിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

188(895) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന് കീഴിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഇതിലൂടെ എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ 10 പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചത്. ഇതിൽ മൂന്ന് യൂണിറ്റുകൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. (SIFL Machining Unit, Uduma

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Hi Tech Spinning Mill, UEI-യുടെ LCD Meter Unit). മറ്റ് ഏഴ് യൂണിറ്റുകൾ ഈ മാസം തന്നെ നിർദ്ദിഷ്ട തീയതികളിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ യൂണിറ്റുകളുടെ വിശദവിവരം അനുബന്ധം -1 ആയി ചേർക്കുന്നു.* മേൽപ്പറഞ്ഞവ കൂടാതെ അനുബന്ധം-2 ആയി ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിപുലീകരണ പദ്ധതികളും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) മേൽപ്പറഞ്ഞ പുതിയതായി ആരംഭിച്ച യൂണിറ്റുകളിലേക്കും വിപുലീകരണ പദ്ധതികളിലേക്കുമായി നേരിട്ട് 1919 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും.

കേരള വാണിജ്യ മിഷൻ

189(696) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി കേരള വാണിജ്യ മിഷൻ എന്ന പേരിൽ ആരംഭിച്ച പുതിയ സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത മിഷനിലൂടെ വാണിജ്യവികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി താഴെപ്പറയുന്ന മേളകൾ വർഷം തോറും നടത്തിവരുന്നു.

ടെക്സ് ഫെയർ കേരള : ചെറുകിട പരമ്പരാഗത തുണിത്തരങ്ങളുടെ പ്രദർശന വിപണന മേളയായ 'ടെക്സ് ഫെയർ കേരള' പ്രദർശനം എല്ലാ വർഷവും കണ്ണൂരിൽ വച്ച് നടത്തുന്നു.

മലപ്പുറം ക്രാഫ്റ്റ്സ് മേള : കരകൗശല വസ്തുക്കളുടെ പ്രദർശന വിപണനമേള വർഷം തോറും മലപ്പുറം ക്രാഫ്റ്റ്സ് മേളയായി മലപ്പുറത്ത് നടത്തി വരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് ഭക്ഷ്യമേളയും നടത്തുന്നുണ്ട്.

ബാംബു ഫെസ്റ്റ് : ഏറണാകുളത്തു വച്ച് ബാംബു ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേളയായ ബാംബു ഫെസ്റ്റ് വർഷം തോറും നടത്തി വരുന്നുണ്ട്.

ബേപ്പൂർ ഫെസ്റ്റ് : ചെറുകിട വ്യവസായ യൂണിറ്റുകളുടെയും കരകൗശല ഉൽപ്പന്നങ്ങളുടെയും പ്രചരണത്തിനും വിപണനത്തിനുമായി കേരള ബെയ്പൂർ ഫെസ്റ്റ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly